I/72429/2022

**<u>തദ്ദേശ സ്വയംഭരണ പ്ലാനിംഗ് വകുപ്പ്</u>**
**<u>ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, ആലപ്പുഴ</u>**
<u>ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്</u>
*<u>(ഹാജർ : ശ്രീ. ജോസഫ് കെ. എഫ്.)</u>*

വിഷയം– തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, ആലപ്പുഴ– അരൂർ ഗ്രാമപഞ്ചായത്ത്- B ഗണത്തിൽപ്പെട്ട സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം– സുപ്പീരിയർ ജനറൽ ഫാദർ മാത്യു കുമ്പുങ്ങൽ, ലിറ്റിൽ ഫ്ലവർ കോൺഗ്രിഗേഷൻ, തൃക്കാക്കര പി.ഒ., കണയന്നൂർ-ന്റെ 28.09.2022 തീയതിയിലെ അപേക്ഷ.

**<u>ഉത്തരവ് നമ്പർ TCPALP/1305/2022-C/കെ.ഡിസ് തീയതി : 21-10-2022</u>**

അരൂർ ഗ്രാമപഞ്ചായത്തിൽ, ചേർത്തല താലൂക്ക്, അരൂർ വില്ലേജ്, സർവ്വേ നമ്പർ 34/7-4, 34/7-5 എന്നിവയിൽ ഉൾപ്പെട്ട 6016.00 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത്, നിലവിലുള്ള 2018.69 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് പുറമെ, B ഗണത്തിൽപ്പെടുന്ന 952.09 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്കൂൾ കെട്ടിടം (G+2+stair cabin) നിർമ്മിക്കുന്നതിന് (ആകെ വിസ്തീർണ്ണം: 2970.78 ചതുരശ്ര മീറ്റർ, കവറേജ്: 15.21%, എഫ് എസ് ഐ: 0.45) താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി KPBR 2019, ചട്ടം 5(6), 30 എന്നിവ പ്രകാരം ലേ-ഔട്ട് / യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ:</u>

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KPBR-2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും, സ്ഥലപരിശോധന നടത്തിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. 2008-ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം, 2018-ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവയുടെ പരിധിയിൽ വരുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
3. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
4. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നുമില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
5. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ നിർമ്മാണ സ്ഥലത്ത് ലഭ്യമാക്കിയിരിക്കണം.
6. സൈറ്റ് പ്ലാനിൽ പൊളിച്ച് നീക്കുവാനെന്നു കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾ പൊളിച്ച് നീക്കേണ്ടതും, KPBR-2019, ചട്ടം 79A പ്രകാരം നിലവിലുള്ള, പൊളിച്ചു നീക്കേണ്ടതായ കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ Construction and Demolition Waste Management Rules-2016 പ്രകാരം സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണ്.
7. KPBR-2019 ചട്ടം 5(4), ക്രമ നമ്പർ (13) പ്രകാരം അപേക്ഷകനും, ആർക്കിടെക്റ്റും ഫയർ ആൻഡ് സേഫ്റ്റി നോർമ്സ് പ്രകാരമുള്ള സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അടുത്തുള്ള ഫയർ സ്റ്റേഷനിൽ ഹാജരാക്കിയിരിക്കണം.
8. KPBR-2019 ചട്ടം 5(4) പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ആവശ്യമെങ്കിൽ അനുമതി ലഭ്യമാക്കിയിരിക്കണം. പരിസരവാസികൾക്ക് ശബ്ദം, വായു മലിനീകരണം മുതലായവ ഉണ്ടാവാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.
9. KPBR-2019 ചട്ടം 22(4) പ്രകാരം സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

I/72429/2022

10. KPBR-2019, ചട്ടം (76) (1) പ്രകാരം ഗ്രൗണ്ട് വാട്ടർ റീചാർജിങ്ങിനുള്ള സൗകര്യം നൽകേണ്ടതാണ്.
11. പ്രസ്തുത നിർമ്മാണം KPBR-2019-ലെ ചട്ടങ്ങൾക്കും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

***യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.***

അംഗീകരിച്ച ലേ-ഔട്ട് നമ്പർ - എൽ.എ. 17/2022

Signed by
Joseph K F
Date: 21-10-2022 10:20:15
**ടൗൺ പ്ലാനർ**
**ആലപ്പുഴ**

സെക്രട്ടറി, അരൂർ ഗ്രാമപഞ്ചായത്ത് (സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)

പകർപ്പ് :

1. സുപ്പീരിയർ ജനറൽ ഫാദർ മാത്യൂ കുമ്പുങ്ങൽ,
   ലിറ്റിൽ ഫ്ലവർ കോൺഗ്രിഗേഷൻ,തൃക്കാക്കര പി.ഒ., കണയന്നൂർ
2. ഓഫീസ് കോപ്പി, 3) കരുതൽ ഫയൽ.